# പതിനാലാം കേരള നിയമസഭ
## 7-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 680** — **08.08.2017 -ൽ മറുപടിയ്ക്ക്**

## വടക്കൻ കേരളത്തിലെ വിനോദസഞ്ചാര വികസനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പാറയ്ക്കൽ അബ്ദുല്ല** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) രാജ്യാന്തര യാത്രാ പ്രസിദ്ധീകരണമായ ലോൺലി പ്ലാനറ്റിന്റെ വാർഷിക പട്ടികയിൽ ഏഷ്യയിൽ കണ്ടിരിക്കേണ്ട പത്ത് പ്രദേശങ്ങളിൽ മലേഷ്യയെയും സിങ്കപ്പൂരിനെയും പിന്തള്ളി വടക്കൻ കേരളം മൂന്നാം സ്ഥാനം കരസ്ഥമാക്കിയ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) സംസ്ഥാനത്തെ ടൂറിസം ഭൂപടത്തിൽ വേണ്ടത്ര പരിഗണന ഇതിനകം ലഭിച്ചിട്ടില്ലാത്ത ഉത്തരകേരളത്തിന് ഇതോടെ രാജ്യാന്തര ശ്രദ്ധ കൈവന്ന കാര്യം പരിശോധിക്കുമോ;<br>(സി) എങ്കിൽ ഇവിടെ ടൂറിസം വികസനത്തിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ; | (ബി) (സി) ഉത്തരകേരളത്തിൽ ടൂറിസംവികസനം ലക്ഷ്യമിട്ട് പദ്ധതികൾ ആവിഷ്കരിക്കുകയെന്നത് വകുപ്പിന്റെ പരിഗണനയിലുള്ള വിഷയമാണ്. ഇതിന്റെ മുന്നോടിയായി വടക്കൻ മലബാറിന്റെ വിനോദ സഞ്ചാര വികസനത്തിന് ഊന്നൽ നല്കിക്കൊണ്ട് കാസർഗോഡ്-കണ്ണൂർ ജില്ലകളിലെ നദികളേയും കായലുകളേയും ഉൾപ്പെടുത്തിക്കൊണ്ട് മലനാട്/മലബാർ ക്രൂയിസ് ടൂറിസം പ്രോജക്ട് എന്ന പദ്ധതിയുടെ പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |

(ഡി) ഗതാഗതമടക്കമുള്ള അടിസ്ഥാന സൗകര്യവും സഞ്ചാരികൾക്ക് സുരക്ഷിതത്വവും ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

(ഡി) ഉത്തരകേരളത്തിലെ വിനോദ സഞ്ചാര വികസനവുമായി ബന്ധപ്പെട്ട് ടൂറിസം മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. അടിസ്ഥാന സൗകര്യവികസനത്തിനും വിനോദസഞ്ചാരികളുടെ സുരക്ഷിതത്വത്തിനും മുന്തിയ പരിഗണന നല്കിവരുന്നു.

സെക്ഷൻ ഓഫീസർ